## ജീവിതത്തിലെ വലിയൊരു പ്രതിസന്ധി നേരിട്ടപ്പോൾ

# മധുലിഖ മരണത്തിലൂടെ കൈമാറിയത്

ഷീബ അമീർ

ഒരു മുറിയെ പ്ലൈവുഡ് കൊണ്ട് രണ്ടാക്കിയതിൽ ഒന്നായിരുന്നു മോളെ അഡ്മിറ്റ് ചെയ്ത മുറി. ഒരു പരിചയവുമില്ലാത്ത നാട്, ഭാഷ. കുടുംബ സുഹൃത്തും ഒരു മലയാളിയുമായ ഡോ. രാജേന്ദ്രന്റെ പരിചയത്തിൽ എത്തപ്പെട്ട ആശുപത്രി. അവിടുത്തെ ഏറ്റവും മിടുക്കനായ ഡോ.പാരിഖ് അദ്ദേഹത്തിന്റെ സുഹൃത്തായിരുന്നു.

11-ാം നിലയിലുള്ള ചിൽഡ്രൻസ് വാർഡിലെ ഡോക്ടർ സുഷമയും അദ്ദേഹത്തിന്റെ കൂടെ ജോലി ചെയ്തിട്ടുണ്ട്. ആ ഒരു പരിഗണനയും ഞങ്ങൾക്ക് കിട്ടി. കാഴ്ചശക്തിയും, കേൾവിശക്തിയും, ചിന്താശക്തിയും നഷ്ടപ്പെട്ട്, മരവിച്ച് ഞാനൊരു റോബോട്ടിനെപ്പോലെ ഡോക്ടറുടെകൂടെ മുറിയിൽ കടന്നു. അവർ എന്തൊക്കെയോ പറയുന്നുണ്ട്. ഏറെയും നാം പാലിക്കേണ്ട ചിട്ടകളാണ്. മുറിയിൽ ഒരാൾ മാത്രമെ രോഗിയുടെ കൂടെ ഇരിക്കാൻ പാടുള്ളൂ. ഇരിക്കുന്ന ആളും രോഗിയും എപ്പോഴും മാസ്ക് ധരിക്കണം, അങ്ങനെ നീണ്ട നിയമാവലികൾ. എന്റെ ജീവൻ നെഞ്ചിൽ പൊട്ടിപിളർന്ന് ചിതറിത്തെറിക്കുന്ന അഗ്നിപർവ്വതം പോലെ .... മറ്റെല്ലാ ഇന്ദ്രിയങ്ങളും മരവിച്ച് നെഞ്ചിൽ നിന്നും അതിശക്തിയോടെ ചിതറിത്തെറിക്കുന്ന തീക്കട്ടകൾ മാത്രം.

മുറിയിൽ ഒരു കട്ടിലും, മേശയും, കസേരയും, ഒരു വാഷ് ബേസിനും മാത്രം. അരക്കെട്ട് വരെ എത്തുന്ന മുടി രണ്ടുവശത്തും മിടഞ്ഞിട്ട്, ഞാൻ തന്നെ തുന്നിയ ഉടുപ്പിട്ട് ആരും കണ്ടാൽ നോക്കിപോകുന്ന എന്റെ സുന്ദരിയായ മോൾ. അവർ മിനിട്ടിന് പത്ത് പ്രാവശ്യം രോഗി എന്നവളെ വിളിക്കുന്നത് എനിക്ക് തീരെ സഹിച്ചില്ല. അവർ പറയുന്നത് കുറേയൊക്കെ എനിക്ക് മനസ്സിലായി. കുറേയൊക്കെ എന്റെ നെഞ്ചിൽ നിന്നും പൊട്ടിച്ചിതറിവന്ന തീയിൽ വീണ് കരിഞ്ഞുപോയി. ഡോക്ടറുടെ പിന്നാലെ, എന്റെ ഭർത്താവും, അനിയനും പുറത്ത് പോയി. ഞങ്ങൾ മുറിയിൽ തനിച്ചായി. രണ്ടാക്കി പകുത്ത മുറികൾക്ക് തമ്മിൽ വാതിലില്ലായിരുന്നു. കോറിഡോറിൽ നിന്ന് കടന്നാൽ ആദ്യം ഞങ്ങൾക്കുള്ള ഭാഗം, അത് കഴിഞ്ഞാൽ അപ്പുറത്ത് ആരോ ... അത് കഴിഞ്ഞാൽ ബാൽക്കണി. പുറത്ത് നിന്ന് ശക്തമായ വെയിൽ ബാൽക്കണിയും, ആ മുറിയും കടന്ന് ഞങ്ങളുടെ മുറിയിലേക്ക് അടിച്ചു കയറി. 11-ാം നിലയിൽ സൂര്യൻ തന്നെ ഇറങ്ങി വരുമോ എന്ന് പലപ്പോഴും ഞാൻ സംശയിച്ചിട്ടുണ്ട്. നമ്മുടെ സാധനങ്ങൾ കുറേയൊക്കെ ആ ബാൽക്കണിയിൽ വയ്ക്കണം. വച്ച് വരുമ്പോൾ അപ്പുറത്ത് കട്ടിലിൽ കിടക്കുന്നവരെ ഞാൻ കണ്ടു. അങ്ങോട്ട് തിരിഞ്ഞ് വളഞ്ഞ് മുടിയൊന്നും ഇല്ലാത്ത ഒരു സ്ത്രീരൂപം. അടുത്ത് കസേരയിൽ മറ്റൊരു സ്ത്രീ ഇരിക്കുന്നുണ്ട്. ഏതെങ്കിലും പ്രായമായ ഒരു പെണ്ണാണെന്ന് കരുതി ഞാൻ.

എന്റെ മോൾ ആശുപത്രികിടക്കയിൽ കിടക്കാൻ പോകുകയാണെന്ന അറിവ് എന്റെ മനസ്സിലെ തിളയ്ക്കുന്ന തീയ്യിന്റെ ശക്തി കൂട്ടി. ഞാൻ കണ്ണടച്ച് പ്രാർത്ഥിച്ചു. "അള്ളാ .... കാത്ത് രക്ഷിക്കണേ ... എന്റെ മോളെ ഈ ആപത്തിൽ നിന്നും കാത്ത് രക്ഷിക്കാനുള്ള കരുത്തെനിക്കില്ല. അവളെ ഞാൻ നിന്റെ കയ്യിൽ സംരക്ഷണക്കായ് ഏൽപ്പിക്കുന്നു. ഒരാപത്തും വരാതെ സംരക്ഷിച്ച് നീ എനിക്കവളെ തിരിച്ചേൽപ്പിക്കണേ..." എന്റെ മരവിച്ച ശരീരത്തിൽ പിടഞ്ഞുകൊണ്ടിരിക്കുന്ന മനസ്സു മാത്രം. കണ്ണുനീരും മരവിച്ചിരുന്നിരിക്കണം. അല്ലെങ്കിൽ കണ്ണുനീർ അഥവാ പുറത്തുവന്നാൽ തിളക്കുന്ന ലാവയുടെ രൂപമാകുമായിരുന്നേനെ ....

> എല്ലാ രോഗങ്ങളും വേദനകളാണ്. അപ്പോൾ കഠിനരോഗങ്ങൾ വന്നാലോ? നമുക്കേറ്റവും അടുപ്പവും പ്രിയമുള്ളവർക്ക് ഉണ്ടാകുന്ന രോഗങ്ങളാണെങ്കിൽ, അത് ക്യാൻസറുമാണെങ്കിൽ, വേദനയുടെ ആഴം ഊഹിക്കാവുന്നതേയുള്ളൂ. തന്റെ മകളുടെ രോഗാവസ്ഥയിൽ ആശുപത്രിവാസം അവരുടെ ജീവിതത്തിൽ അനുഭവിപ്പിച്ചത് വേദനകൾ നല്കിയ ബന്ധങ്ങൾ.

കുറച്ചു കഴിഞ്ഞപ്പോൾ അപ്പുറത്തെ മുറിയിലെ കസേരയിലിരുന്നിരുന്ന സ്ത്രീ ഇപ്പുറത്തേയ്ക്ക് വന്നു. അവർ ഞങ്ങളുടെ മുറിയിലെ വാഷ് ബേസിനിൽ എന്തോ പാത്രം കഴുകി തിരിച്ചുപോയി. എന്നെ നോക്കി സ്നേഹത്തിന്റെയോ, സൗഹൃദത്തിന്റെയോ സഹതാപത്തിന്റെയോ ഭാഷയിൽ ഒന്നു ചിരിച്ചു. എന്റെ ഇരിപ്പും മട്ടും കണ്ടായിരുന്നിരിക്കണം അവർ നിമിഷനേരം കൊണ്ട് തിരിച്ചുവന്നു. ബംഗാളിയും ഹിന്ദിയും ചേർന്ന് അവർ സംസാരിക്കാൻ തുടങ്ങി. ചോദ്യങ്ങളിൽ കുറെയൊക്കെ എനിക്ക് മനസ്സിലായി. മുറി ഹിന്ദിയും, ഇംഗ്ലീഷും കലർത്തി ഞാൻ മറുപടി പറഞ്ഞു. അപ്പുറത്തെ മുറിയിൽ കിടക്കുന്നത് അവരുടെ മകളാണ്, 14 വയസ്സ്, മധുലിഖ. എന്റെ മനസ്സ് പിടഞ്ഞു. എന്റെ മകളെക്കാൾ ഒരു വയസ്സ് കൂടുതലുള്ള കുട്ടിയെ ഞാൻ ഒരു വയസ്സത്തിയാണെന്ന് കരുതിയല്ലോ എന്ന്. അവരുടെ പേര് അല്പന, സ്കൂൾ ടീച്ചർ, ഭർത്താവ് ചൗധരി, സോഷ്യൽ വർക്കർ ആണ്. അവർ ബംഗാളിൽ നിന്നും വന്നിട്ട് മൂന്നാഴ്ചയായി. അല്പന എന്നെ സമാധാനിപ്പിച്ചു. ഇവിടെ ഒരു പ്രശ്നവും ഇല്ലാ ഞങ്ങൾ ഉണ്ടല്ലോ സഹായത്തിന്, എന്താവശ്യമുണ്ടെങ്കിലും പറഞ്ഞോളൂ എന്നൊക്കെ അവരോട് സംസാരിച്ചപ്പോൾ എന്തോ വല്ലാത്ത ആശ്വാസം. അവർ കഴിഞ്ഞ ജന്മത്തിൽ എന്റെ ആരോ ആയിരുന്നുവെന്ന് തോന്നി. കണ്ടാൽ എന്റെ തന്നെ പ്രായമാണ് അല്പനക്കും. നല്ല ഒരു സ്ത്രീ. അതൊരു വലിയ ബന്ധത്തിന്റെ തുടക്കമായിരുന്നു. മുങ്ങിത്താഴുന്നവന് കച്ചിത്തുരുമ്പുപോലെ ആദ്യത്തെ പിടിവള്ളി. ഒന്നു

രണ്ടുദിവസത്തിനുള്ളിൽ ചൗദരിസാബ് എന്റെ ആങ്ങളയായി. എന്നെ 'അപ്പാ' എന്ന് വിളിയ്ക്കാൻ തുടങ്ങി. അതിനർത്ഥം പെങ്ങൾ എന്നായിരിക്കും എന്ന് ഞാൻ ഊഹിച്ചു. എന്റെ ഭർത്താവിനും ചൗധരി സാബ് ഒരു തുണയായി. ഒരാൾ എന്തെങ്കിലും വാങ്ങാൻ പോകുമ്പോൾ മറ്റേ ആളിനോട് അന്വേഷിക്കും. അതുപോലെ തിരിച്ചും.

ആദ്യത്തെ കീമോതെറാപ്പിയുടെ ക്ഷീണമൊക്കെ കുറേശ്ശെ വിട്ടുതുടങ്ങി മധുലികയ്ക്ക്. അവൾ ഇടയ്ക്കിടെ ഇപ്പുറത്ത് വന്നിരിക്കാൻ തുടങ്ങി. ഒരിക്കൽ അവളുടെ ആൽബം കൊണ്ടുവന്ന് കാണിച്ചു തന്നു എനിക്ക്. എന്റെ മകളെപ്പോലെ മുടി രണ്ടുവശവും മിടഞ്ഞിട്ട് സ്കൂളിൽ സ്റ്റേജിൽ കൂട്ടുകാരികളോടും ടീച്ചർമാരോടും ഒപ്പം വലിയ ഒരു ട്രോഫി ഉയർത്തിപ്പിടിച്ച് നിൽക്കുന്ന ഒരു ഫോട്ടോയുണ്ട് കൂട്ടത്തിൽ. എത്ര മിടുക്കിയായ കുട്ടി. ആ കുട്ടിയാണോ എന്റെ മുന്നിൽ ഇരിക്കുന്നത് എന്ന് ഞാൻ അത്ഭുതപ്പെട്ടു. കണ്ണിന്റെ പുരികം പോലും കൊഴിഞ്ഞു പോയിരിക്കുന്നു. പിന്നെ, പിന്നെ എന്റെ മകളും ഈ അവസ്ഥയിലാകുമെന്ന് ഞാൻ മനസ്സിലാക്കി. എന്റെ മകൾക്ക് അവളുടെ അസുഖത്തെപ്പറ്റി ഒന്നും അറിയില്ലായിരുന്നു. മധുലികയ്ക്ക് എല്ലാം അറിയാം. എന്നിട്ടും എപ്പോഴും അവൾ ചിരിച്ച് ധൈര്യത്തിൽ എല്ലാവരോടും ഇടപഴകി. എന്റെ മകളേക്കാൾ ഒരു വയസ്സേ അവൾക്ക് കൂടുതലുള്ളൂ എന്നതിൽ ഞാനത്ഭുതപ്പെട്ടു. അത്രയ്ക്കും പക്വത വന്ന ഒരു കുട്ടി. മകളെ അസുഖം അറിയിയ്ക്കരുതെന്ന എന്റെ അപേക്ഷ ഡോക്ടർമാരും, നേഴ്സുമാരും ചെവികൊണ്ടു. ഒപ്പം മധുലികയുടെ ധൈര്യത്തെക്കുറിച്ച് എല്ലാവരും മതിപ്പോടെ പറഞ്ഞു. ഞാനും അതിലതിശയപ്പെട്ടു.

ഒരു ദിവസം അല്പന എന്നോട് സങ്കടം പറഞ്ഞു. പൈസയില്ലാതെ ചൗദരിസാബ് മധുലിക കാണാതെ ബാത്ത്റൂമിൽ പോയി തലതല്ലി കരഞ്ഞ വിവരം കേട്ട് എന്റെ മനസ്സും നീറി. എന്റെ ഭർത്താവിന്റെ കയ്യിൽ പൈസയുണ്ടോ എന്നു ഞാനന്വേഷിച്ചില്ല. ഉണ്ടാകും എന്ന് തന്നെ ഞാൻ വിശ്വസിച്ചു. അവരുടെ പ്രശ്നം ഞാനദ്ദേഹത്തോട് പറഞ്ഞു. അങ്ങനെ അദ്ദേഹം എന്റെ കയ്യിൽ 3000 ക എടുത്തു തന്നു. അവരുടെ ആവശ്യങ്ങൾക്ക് അത് ഒരു തുള്ളി വെള്ളം പോലെ ആയിരുന്നു. പൈസ എങ്ങനെ കൊടുക്കും എന്നത് ഞാനപ്പോഴാണ് ആലോചിച്ചത്. ഒരു പാട് നിർബന്ധിച്ച് ഒരു വിധേനെ, മുറിയ്ക്ക് പുറത്ത് കോറിഡോറിൽ വച്ച് ചൗദരിസാബിന്റെ പോക്കറ്റിൽ ഞാനാ പൈസ വച്ചുകൊടുത്തു. അപ്പോഴേക്കും ചൗദരിസാബ് എന്നെ കെട്ടിപ്പിടിച്ച് പൊട്ടിക്കരയാൻ തുടങ്ങി. അങ്ങനെ ഞങ്ങൾ രണ്ടു കുടുംബങ്ങളും തമ്മിലുള്ള ബന്ധം ജന്മാന്തരങ്ങളുടേതായി. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ മധുലികയെ ഡിസ്ചാർജ്ജ് ചെയ്തു. അടുത്ത് കീമോയ്ക്ക് മുൻപ് രണ്ടാഴ്ചത്തെ ഇടവേള. എന്നാലും ഒന്നരാടം ഒ.പി. യിൽ ചെക്കപ്പിന് വരും. അപ്പോൾ ഞങ്ങളുടെ മുറിയിൽ വരും. അവൾ കഴിയ്ക്കാൻ കൊണ്ടുവന്ന ഭക്ഷണം ഞങ്ങളുടെ മുറിയിൽ ഇരുന്ന് കഴിയ്ക്കും. അവർ പോയപ്പോൾ ആശുപത്രിയിൽ ഞങ്ങൾ തനിച്ചായപോലെ തോന്നി എനിക്ക്. ഇതിനിടയിൽ അവളെഴുതിയ ഒരു കവിത പത്രത്തിൽ അച്ചടിച്ചു വന്നു. അന്നവൾ വന്നപ്പോൾ ആ കവിത അച്ചടിച്ച് വന്ന പത്രവും കൊണ്ടുവന്നിരുന്നു. എനിക്ക് വായിക്കാൻ തന്നു. "**നീ ഞങ്ങൾക്കെന്തിനീ ദുരിതം തന്നു... തെറ്റു ചെയ്യാത്തവൻ ഞങ്ങളോടെന്തിനീ തെറ്റ് ചെയ്തു. നീ കാരുണ്യവാനെന്ന് ഞങ്ങൾ പഠിച്ചത് തെറ്റായിരുന്നോ ... അതോ ഇതാണോ നിന്റെ കാരുണ്യം ... നിന്നോട് ചോദ്യം ചോദിക്കാൻ ഞങ്ങൾ വരുന്നുണ്ട് ... നിന്നിലേയ്ക്കടിവച്ച്, അടിവച്ച് വരുന്നുണ്ട് ... എനിയ്ക്ക് പിറകേ അനേകം കുട്ടികൾ ... ഞാനും വരിയ്ക്കിടയിലാണ്. ജീവതത്തിൽ നിന്നും വഴിമാറി, നിന്നിലേയ്ക്ക് ഞങ്ങൾ മാർച്ച് ചെയ്ത് വരുന്നു.** വായിച്ചു കഴിയുമ്പോഴേയ്ക്കും കണ്ണുനീർ എന്റെ കാഴ്ചശക്തിക്ക് മങ്ങലേൽപ്പിച്ചിരുന്നു. അത് മറച്ച് അവളെ ഞാനഭിനന്ദിച്ചു. എന്റെ മകൾക്ക് മനസ്സിലാകാതിരിക്കാൻ അവൾ തന്നെ പരിശ്രമിച്ചു. ഇത് ബംഗാളി ഭാഷയിലാണെന്ന് അവൾ എന്റെ മോളോട് കളവ് പറഞ്ഞു. ഈ കവിത ആശുപത്രിയുടെ ചിൽഡ്രൻസ് വാർഡിൽ ചുവരിൽ, ചിത്രങ്ങൾക്കൊപ്പം സ്ഥാനം പിടിച്ചു.

അവൾ ആശുപത്രിയിൽ രണ്ടാമത്തെ കീമോയ്ക്ക് അഡ്മിറ്റ് ആയി. അവൾ ഇതിനകം ഡോ. സുഷമയെക്കുറിച്ച് കവിത എഴുതി. എല്ലാവരുടെയും മനസ്സിൽ മിടുക്കിയായി, ധൈര്യശാലിയായി മധുലിക സ്ഥാനം പിടിച്ചു. ഇത്തവണ അഡ്മിറ്റ് ചെയ്യാൻ വന്നപ്പോൾ അവൾ എന്നെ കാണിക്കാൻ കുറേ ചിത്രങ്ങൾ കൊണ്ടു വന്നിരുന്നു. എല്ലാം അവൾ വരച്ചത്. കുറച്ച് മാറി ഒരു മുറിയാണ് അവർക്ക് കിട്ടിയത്. കീമോ തുടങ്ങിയപ്പോൾ അവൾക്കിങ്ങോട്ട് വരാൻ പറ്റാതായി. ഞാൻ മോളെ വിട്ട്, മുറി വിട്ട് പുറത്തിറങ്ങാത്തതിനാൽ ഞങ്ങൾ കണ്ടുമുട്ടുന്നത് വിരളമായി. ഒരു ദിവസം അല്പനയോടവൾ പറഞ്ഞയച്ചു, എന്നോട് ചെല്ലാൻ .. ഞാനൊരു റോസ് നിറത്തിലുള്ള ഹൗസ്കോട്ടാണ് അന്നിട്ടിരുന്നത്. അവളെ കാണാൻ നാലു മുറി അപ്പുറത്തേയ്ക്ക് ഞാൻ ചെന്നു. അവൾ എന്നോട് പറഞ്ഞു. "ആന്റി എന്ത് സുന്ദരിയായിരിക്കുന്നു... " ആ റോസ് നിറം എനിയ്ക്ക് ഇണങ്ങുന്നുണ്ട് എന്നാണവൾ ഉദ്ദേശിച്ചത് എന്ന് മനസ്സിലായി. അവൾ വരച്ച ചിത്രങ്ങൾ കാണിച്ചു തന്നു. എന്ത് നല്ല ചിത്രങ്ങൾ. ഇടയിൽ ഒരു ചിത്രം എന്നിൽ നടുക്കമുണ്ടാക്കി. കറുപ്പും ചുകപ്പും കലർന്ന നിറത്തിൽ കാൻസറിന്റെ ചിത്രം. ഒരു വലിയ ഞണ്ട്. ഒപ്പം കുറേ രക്തത്തുള്ളികൾ വീണ് ചിതറി കിടക്കുന്നതും. എന്തോ തലക്കെട്ടും കൊടുത്തിട്ടുണ്ട്. അപ്പോഴും അവൾ ആ ചിത്രം മാത്രം മോൾ കാണണ്ട എന്ന് പറഞ്ഞ് മാറ്റി വച്ച് ബാക്കിയെല്ലാം തന്നയച്ചു. അവളുടെ വരയ്ക്കാനുള്ള കഴിവും എന്നെ അത്ഭുതപ്പെടുത്തി. അവൾക്ക് 14 വയസ്സാണെന്ന് വിശ്വസിക്കാൻ പ്രയാസം തോന്നി. അത്രയ്ക്കും പക്വതയുണ്ടായിരുന്നു അവൾക്ക്.

മോളെയും ഡിസ്ചാർജ്ജ് ചെയ്തു. നീണ്ട 48 ദിവസത്തെ ഹോസ്പിറ്റൽ ജീവിതം, പൊട്ടിത്തെറിയ്ക്കുന്ന അഗ്നിപർവ്വതവും നെഞ്ചെത്തടക്കി. മോളുടെയും രണ്ട് കീമോ കഴിഞ്ഞിരുന്നു. പിന്നെ ഞങ്ങൾ ചെക്കപ്പിന് വരുമ്പോൾ അവരും വരും. അങ്ങനെ ഞങ്ങൾ ഒ.പി. യിൽ കണ്ടുമുട്ടും. ഇടയിലിടയിൽ അവൾക്ക് ഓരോരോ ചെറിയ ചെറിയ അസുഖങ്ങൾ വന്നു. ഒരു ദിവസം ഒ.പി. ക്ലിനിക്കിന്റെ മുൻപിൽ കസേരയിൽ മധുലിക ഇരിയ്ക്കയായിരുന്നു. അടുത്ത് അവളോട് ചേർന്ന് ഞാൻ നിൽക്കുകയായിരുന്നു. എന്നോടവൾക്ക് വന്ന ഇൻഫെക്ഷനുകളെക്കുറിച്ചും, അതെന്തുകൊണ്ടാണെന്നും ഒക്കെ കുറേ സംശയങ്ങൾ ചോദിച്ചു. മരുന്നൊക്കെ കഴിച്ച് ശരീരത്തിന്റെ പ്രതിരോധശക്തി കുറയുകയല്ലേ, നല്ലപോലെ എല്ലാ കാര്യങ്ങളും ശ്രദ്ധിക്കണം എന്ന് പറഞ്ഞുകൊടുത്തു ഞാൻ. അവളുടെ കണ്ണുകളിൽ പേടിയുടെ നിഴലുകൾ കണ്ടു ഞാൻ ... കുറേശ്ശെ കിളിർത്തു വരാൻ തുടങ്ങിയ മുടിയിൽ ഞാൻ തലോടി. അല്പനയോട് അവൾ കേൾക്കാതെ ഞാൻ പറഞ്ഞു. "ഒരു കാര്യവും ഉഴപ്പരുത്. Mouth gargle, sits bath തുടങ്ങിയ മുൻകരുതലുകൾ ഒക്കെ ഡോക്ടർ പറഞ്ഞതിനേക്കാൾ കൂടുതൽ തവണ ചെയ്യണം."

അപ്പോഴേക്കും ഹിന്ദി പറയാൻ ഞാൻ കുറച്ചു കൂടി പഠിച്ചിരുന്നു. സ്വാതന്ത്ര്യ ദിനാചരണത്തിന്റെ ഭാഗമായി ചിൽഡ്രൻസ് വാർഡിൽ വി.കെയർ ഓർഗനൈസേഷന്റെ വക ഗാനമേള ഉണ്ടായിരുന്നു. അതിൽ പാടാനും മധുലിഖ മുൻപിലുണ്ടായിരുന്നു. "ഭീരു ആയിരം തവണ മരിയ്ക്കുന്നു. ധൈര്യശാലി ഒരു തവണ 'മരിയ്ക്കുന്നു." എന്നൊക്കെ അവൾ പാടുന്നത് കേട്ടു ഞാൻ.

ഞങ്ങൾ മോളുടെ ബോൺ-മാരോ ട്രാൻസ്പ്ലാന്റേഷന് വേണ്ടിയുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. അതൊരു ചിലവുകൂടിയ ചികിത്സയായിരുന്നു. ഞങ്ങൾ അതിനു വേണ്ടി ഓരോ ചുവട് വയ്ക്കുന്തോറും മധുലിഖയെ ഓർത്ത് എന്റെ മനസ്സ് പിടഞ്ഞു. കഴിയുന്നത്ര അവൾക്കാ വിവരങ്ങൾ മനസ്സിലാകാതിരിക്കാൻ ഞാൻ ശ്രമിച്ചു. അല്പനയിൽ നിന്നും, ചൗദരിസാബിൽ നിന്നും ഒളിച്ചു വയ്ക്കാൻ കഴിയുന്നതിന് ഒരു പരിധിയുണ്ടായിരുന്നു. ഇവരെപ്പോലെ ഒരുപാട് കുട്ടികൾ എന്റെ അറിവിലും അല്ലാതെയും ആ ആശുപത്രിയിൽ ഉണ്ട്. പക്ഷേ അവരേക്കാളുമൊക്കെ മധുലിഖയെ കുറിച്ച് ഞാൻ സങ്കടപ്പെട്ടു. അവർക്കത് സാധിക്കുന്നില്ലല്ലോ എന്ന്. മധുലിഖയുടെ അനുജത്തി, നാലു വയസ്സുകാരി ഗുടിയയെ അവർ നാട്ടിൽ നിന്നും വരുത്തി. ഒ.പി. ക്ലിനിക്കിനു മുൻപിലും, ചിൽഡ്രൻസ് വാർഡിലും അവൾ ഓടിക്കളിച്ചു. ചൗദരി സാബ് കുറച്ച് തീരുമാനങ്ങളൊക്കെ എടുത്തിരുന്നു. മൂന്നാമത്തെ കീമോ കഴിഞ്ഞ് ഇടയ്ക്കിടെ എടുക്കുന്ന ഇഞ്ചക്ഷൻ (Maintenance) അതു കഴിഞ്ഞാൽ ഒരു കൊല്ലം കഴിഞ്ഞ് ബോൺ-മാരോ ട്രാൻസ്പ്ലാന്റേഷൻ. 'ഗുടിയ' വന്നതല്ലേ, അവളുടെ ബോൺ-മാരോ മാച്ചിങ്ങ് ആണോ എന്ന് നോക്കിവയ്ക്കാം എന്നൊക്കെ. ചേച്ചിക്ക് ഗുടിയ എന്തുകൊടുക്കും എന്ന് ചോദിച്ചാൽ അവൾ ഉത്തരം പറയും. "ബോൺ-മാരോ" ചൗധരിസാബ് എന്നെ കാണുമ്പോഴൊക്കെ സമാധാനിപ്പിക്കും. നമ്മുടെ മക്കൾക്ക് ഒന്നും സംഭവിക്കില്ല. അമേരിക്കയിൽ ഒരു ഇഞ്ചക്ഷൻ ഇറങ്ങിയിട്ടുണ്ട്. ഒന്നോ, രണ്ടോ ഇഞ്ചക്ഷൻ എടുത്താൽ അസുഖം പൂർണ്ണമായും മാറും. ഒരു കൊല്ലത്തിനുള്ളിൽ അത് ഇൻഡ്യയിൽ വരും. അതുവരെ ഒന്ന് പിടിച്ചു നില്ക്കുകയേ വേണ്ടൂ." ഞാനും അത് വിശ്വസിക്കാൻ ശ്രമിച്ചു. എന്നെ സമാധാനിപ്പിക്കുന്നതിനോടൊപ്പം, സ്വയം സമാധാനിക്കുകയുമായിരുന്നു ചൗധരിസാബ്. മധുലിഖയുടെ മൂന്നാമത്തെ കീമോ തുടങ്ങി... ഇടയിൽ ആശുപത്രിയിൽ ചെക്കപ്പിന് വന്നപ്പോൾ ഞാൻ കയറി കണ്ടു. ഓരോ ദിവസം കഴിയും തോറും അവൾക്ക് ഓരോ പ്രശ്നങ്ങൾ വന്നു. ഞാൻ ചെല്ലുമ്പോഴൊക്കെ അവളുടെ ആവലാതികൾ കേട്ടു. "ഞാൻ മരിക്കുമോ .... എന്റെ അച്ഛന്റെ കയ്യിൽ പൈസയില്ലല്ലോ... " അങ്ങിനെ അങ്ങിനെ വിലാപങ്ങൾ. പിന്നെ ചെന്നപ്പോൾ അവളുടെ ഓർമ്മ ശക്തി മുഴുവൻ ചിന്നിച്ചിതറിയിരുന്നു. രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയുടെ വർത്തമാനങ്ങൾ, നേഴ്സറി പാട്ടുകൾ ആകെ വളഞ്ഞ് കിടക്കുന്നുണ്ട്. എന്നെ കണ്ടതും ചൗദരിസാബും അല്പനയും പൊട്ടിക്കരഞ്ഞു. നാട്ടിൽ നിന്നും വന്ന ഏതോ അടുത്ത ബന്ധുവിന്റെ കയ്യിൽ 'ഗുടിയയും' വാർഡിൽ ഡോക്ടറുടെ കാബിനിൽ പോയി ഞാൻ വിവരം തിരക്കി. അവിടെ എത്തിയതും പൊട്ടിക്കരയുകയായിരുന്നു. ഡോ. ആഷിഷും, ഡോ. ഉന്മേഷും എന്നെ ചേർത്തു നിർത്തി ആശ്വസിപ്പിച്ചു. "വിഷമിയ്ക്കാതിരിയ്ക്കൂ.. ഞങ്ങൾ ആവും വിധം ശ്രമിയ്ക്കുന്നുണ്ട് ..." മൂന്നു ദിവസം കഴിഞ്ഞാൽ എന്റെ മോളെ ആശുപത്രിയിൽ മൂന്നാമത്തെ കീമോവിന് അഡ്മിറ്റ് ചെയ്യും. എന്നേക്കാൾ ഏറെ ചൗദരിസാബ് അതോർത്ത് ആവലാതിപ്പെട്ടു. "അവൾ വന്നാൽ ആദ്യം മധുലിഖയെ തിരക്കും. ഈ അവസ്ഥ കണ്ടാൽ കുട്ടി പേടിയ്ക്കും. എന്ത് ചെയ്യും ... എന്ത് ചെയ്യും ..." ചൗദരിസാബ് പിറുപിറുത്ത് നടന്നു. അതൊന്നും ആലോചിയ്ക്കേണ്ട എന്ന് ഞാൻ സമാധാനിപ്പിച്ചു. ഒടുവിൽ അവർ തന്നെ ഡോക്ടറോട് അപേക്ഷിച്ച് മധുലിഖയെ ഐ.സി.യു വിലേക്ക് മാറ്റി. ഡോക്ടറും ആ തീരുമാനമെടുക്കുമ്പോൾ എന്റെ മോളെക്കുറിച്ച് ഓർത്തു. അവളുടെ അഡ്മിഷൻ രണ്ടുദിവസം കൂടി നീട്ടി. നാലാം ദിവസം മധുലിഖ മരിച്ചു. കുട്ടികൾക്ക് മൂന്ന് കീമോ താങ്ങുന്നില്ല എന്ന വലിയൊരു മുന്നറിയിപ്പും തന്ന്.

എന്റെ ഹൃദയം നിർത്താതെ ചിതറിത്തെറിയ്ക്കുന്ന അഗ്നിപർവ്വതം പോലെയായി. ഇതിനിടയിൽ ഓരോ കുട്ടികൾ മൂന്നാമത്തെ കീമോയിൽ നഷ്ടപ്പെട്ട വിവരങ്ങൾ ഞാനറിഞ്ഞു. എന്റെ മോളെയും മൂന്നാമത്തെ കീമോക്ക് അഡ്മിറ്റ് ചെയ്തു. എന്റെ എല്ലാ സഹനശക്തിയും നഷ്ടപ്പെട്ടു തുടങ്ങി. ബോൺ-മാരോ ട്രാൻസ്പ്ലാന്റേഷന്റെ നടപടികൾ തുടങ്ങിയതിനാൽ ആ യൂണിറ്റിലെ ഡോക്ടർമാരും മോളെ വന്ന് നോക്കാൻ തുടങ്ങി. മധുലിഖക്ക് ശ്വാസകോശത്തിൽ ഇൻഫെക്ഷൻ വന്നതാണ് മരണകാരണം എന്ന് ഞാനറിഞ്ഞിരുന്നു. അത് കഴിഞ്ഞ എല്ലാ ദിവസവും ജൂനിയർ ഡോക്ടർമാരായ ആഷിഷിനോടും, ഉന്മേഷിനോടും ഞാൻ ചോദിച്ചു. "ശ്വാസകോശത്തിൽ ഇൻഫെക്ഷൻ വരാതിരിക്കാൻ എന്ത് ചെയ്യണം എന്ന് ... " ഒരു ചെറിയ പഴുതുപോലും മോളെ ശ്രദ്ധിക്കുന്ന കാര്യത്തിൽ കൊടുക്കാതിരുന്ന എന്നോട് ഉത്തരം പറയാൻ പറ്റാതെ അവർ കുഴങ്ങി. "വായുവിൽ കൂടി വരുന്നതിനെ എങ്ങനെ തടയും. മാസ്ക് ഉപയോഗിക്കുന്നുണ്ടല്ലോ" എന്നവർ വിഷമിച്ച് മറുപടി തന്നു. കീമോ തുടങ്ങി മൂന്നാം ദിവസം ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റിലെ ഒരു സീനിയർ ഡോക്ടറും, ആഷിഷും, ഉന്മേഷും കൂടി മോളെ നോക്കാൻ വന്നു. അവർ സംസാരിച്ച് തിരിച്ച് മുറിക്ക് പുറത്ത് കടന്നപ്പോൾ ഞാനും കൂടെ പുറത്ത് കടന്നു. ഒപ്പം എന്റെ ഭർത്താവും സീനിയർ ഡോക്ടറെ തടഞ്ഞുനിർത്തി തന്നെ ഞാൻ ചോദിച്ചു. "ശ്വാസകോശത്തിൽ ഇൻഫെക്ഷൻ വരാതിരിക്കാൻ എന്ത് ചെയ്യണം, സാർ ?" ഡോക്ടർ ഉത്തരം പറഞ്ഞു. ഇൻഫെക്ഷൻ വന്നാൽ എന്താണ് പ്രശ്നം, ഞങ്ങൾ ടെസ്റ്റ് ചെയ്യും ? ഉത്തരം വരും മുൻപെ എന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഉതിർന്ന് വീഴുന്നുണ്ടായിരുന്നു. അതിനെ അഭിമുഖീകരിക്കാൻ ധൈര്യമില്ലാതെ മൂന്നുപേരും ധൃതിയിൽ നടന്നുപോയി. എന്റെ ഭർത്താവ് എന്നെ നെഞ്ചോട് ചേർത്ത് നിർത്തി. പത്തു മിനിറ്റിനകം എന്റെ ഭർത്താവിനെ അവൾ ഒ.പി. ക്ലിനിക്കിലേക്ക് വിളിപ്പിച്ചു. ഡോക്ടർ ആഷിഷിനോട് കൺസൾട്ട് ചെയ്ത് മോൾടെ കീമോ ഉടനടി നിർത്തിയതായി അറിയിച്ചു. ടാറ്റാ മെമ്മോറിയൽ ഹോസ്പിറ്റൽ ഫയൽ നമ്പർ ബി.എം. 10296 ൽ 1998 ആഗസ്റ്റ് 30 ന് ഡോക്ടർ എഴുതി. കുട്ടികൾക്ക് മൂന്ന് കീമോ താങ്ങുന്നില്ല എന്നതിനാലും നിലൂഷ അമീറിന് വേഗം തന്നെ ബോൺ മാരോ ട്രാൻസ്പ്ലാന്റേഷൻ ചെയ്യാൻ പോകുന്നതിനാലും മൂന്നാമത്തെ കൺസോളിഡേഷൻ നിർത്തുന്നു. വാർഡിലെ മറ്റു ഡോക്ടർമാരും നേഴ്സുമാരും വിശ്വസിക്കാനാകാതെ പകച്ചു നിന്നു. അങ്ങിനെ എന്റെ മോൾക്ക് ബോൺ മാരോ ട്രാൻസ്പ്ലാന്റേഷൻ എല്ലാം സാധ്യമായി.

ജന്മാന്തരങ്ങളുടെ എല്ലാ കടപ്പാടും തീർത്ത് ഒരായിരം ജന്മം എടുത്താലും വീട്ടാൻ പറ്റാത്ത കടം ബാക്കി നിർത്തി മധുലിഖ കടന്നുപോയി. അവൾ മരിച്ചു കൊണ്ടെന്നോടു പറഞ്ഞു. എന്റെ മോളെ ശ്രദ്ധിക്കാൻ.

*'ചിപ്പി', ഒളരിക്കര, തൃശൂർ.*